ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലെപ്പ്മെന്റ്
പ്രജോ ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം - 14

നമ്പർ.ഇഎ1/1162/2017/എച്ച്.ആർ.ഡി

തീയതി, 12.06.2020

# പരിപത്രം

**വിഷയം :-** ഐ. എച്ച്. ആർ. ഡി.- കോവിഡ്-19 - കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**സൂചന :-**
1 28.05.2020-ാം തീയതിയിലെ സ.ഉ(കൈ) നം.199/2020/ഉ.വി.വ
2 01.06.2020-ാം തീയതിയിലെ സ.ഉ.(സാധാ)702/2020/ഉ.വി.വ.
3 09.06.2020-ാം തീയതിയിലെ സ.ഉ(സാധാ) നം.750/2020/ഉ.വി.വ
4 08.06.2020-ാം തീയതിയിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരിപത്രം നമ്പർ.ബി2/16384/2020/ഡി.സി.ഇ.

കോവിഡ്-19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന് വന്ന വെല്ലുവിളികളെ നേരിടുവാനായി സർക്കാർ സ്വീകരിച്ച നയങ്ങൾ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി താഴെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും പ്രിൻസിപ്പൽമാർ ഉൾപ്പെടെ മുഴുവൻ ജീവനക്കാരും എല്ലാ പ്രവൃത്തി ദിവസങ്ങളിലും സ്ഥാപനത്തിൽ ഹാജരാകേണ്ടതാണ്.

2. സൂചന ഒന്നിലെ ഉത്തരവിലെ Clause 6 പ്രകാരം അന്തർ ജില്ലാ ഗതാഗതം പുനരാരംഭിക്കുന്നതുവരെ ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ജില്ലയിൽ താമസിക്കുന്നവരും hotspot/containment zone-ൽ സ്ഥിര താമസക്കാരല്ലാത്തവരുമായ അദ്ധ്യാപകർ അതാത് സ്ഥാപനങ്ങളിൽ ഹാജരായും അല്ലാത്തവർ അവരവരുടെ വീടുകളിലിരുന്നും ഓൺലൈൻ ക്ലാസ്സുകൾ നടത്തേണ്ടതുമാണ്.

3. ഖണ്ഡിക 2 പ്രകാരം സ്ഥാപനത്തിൽ ഹാജരാകാൻ കഴിയാത്തവർ പ്രസ്തുത കാരണം പ്രിൻസിപ്പാളിനെ/ സ്ഥാപനമേധാവിയെ രേഖാമൂലം അറിയിക്കേണ്ടതും ഇതിന്റെ നിജസ്ഥിതി ബോധ്യപ്പെട്ട് അതു പ്രകാരം അതാതു മാസത്തെ ശമ്പളം നൽകുന്നതിനു മുൻപ് യഥാവിധി ഡ്യൂട്ടി റഗുലറൈസ് ചെയ്യേണ്ടതാണ്.

4. ഐ.എച്ച്. ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അടുത്ത അധ്യയന വർഷം (2020-21) ക്ലാസ്സുകളുടെ സമയക്രമം രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ആയിരിക്കും. ഉച്ചയ്ക്ക് 1.30-നു ശേഷം ഗവേഷണത്തിനും പ്രോജക്ട് ഫണ്ടിങ്ങിനുമായി അപേക്ഷിക്കുന്നതിനും കോളേജിന്റെ NAAC/NBA അക്രഡിറ്റേഷന്റെ പ്രവർത്തനങ്ങൾക്കും റെമഡിയൽ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനും മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കു വേണ്ടിയും അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതുമാണ്.

5. 01.06.2020-ാം തീയതിയിലെ സ.ഉ.(സാധാ)702/2020/ഉ.വി.വ. എന്ന ഉത്തരവു പ്രകാരം വീടുകളിൽ നിന്ന് ഓൺലൈൻ ക്ലാസ്സുകളിൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ സൗകര്യം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൽകുവാനായി ലാബുകൾ സജ്ജീകരിക്കുന്നതിനായി ആവശ്യമായ നടപടികൾ പ്രിൻസിപ്പൽമാർ/ സ്ഥാപനമേധാവിമാർ സ്വീകരിക്കേണ്ടതാണ്.

6. ഓരോ അദ്ധ്യാപകനും എടുത്ത ക്ലാസ്സുകൾ സംബന്ധിച്ചും അധ്യാപന രീതികൾ സംബന്ധിച്ചുമുള്ള റിപ്പോർട്ട് ആഴ്ച്ചയിൽ ഒരിക്കൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ പ്രിൻസിപ്പാളിനെ/ സ്ഥാപനമേധാവിയെ ഏൽപ്പിക്കേണ്ടതും ആയത് രേഖകൾ സഹിതം ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട സമിതികളുടെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ക്ലാസ്സുകൾ വീടുകളിൽ നിന്നും നടത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർ ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നു എന്ന് പ്രിൻസിപ്പൽമാർ/ സ്ഥാപനമേധാവിമാർ ഉറപ്പുവരുത്തേണ്ടതാണ്.

7. വിദ്യാർത്ഥികൾ ഓൺലൈൻ ക്ലാസ്സുകൾ കൃത്യതയോടെ പങ്കെടുക്കുന്നുണ്ടെന്ന് അദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

8. അതാത് സെമസ്റ്ററുകളിൽ പഠിപ്പിക്കുവാൻ ശേഷിക്കുന്ന പാഠഭാഗങ്ങൾ അദ്ധ്യാപകർ നിജപ്പെടുത്തി ഓൺലൈൻ വഴി പൂർത്തികരിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. ബന്ധപ്പെട്ട സർവ്വകലാശാലകളുടെ/ ഡയറക്ട്രേറ്റിന്റെ അക്കാദമിക കലണ്ടർ പ്രകാരം ക്ലാസ്സുകൾ നടക്കുന്നു എന്നത് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതും പാഠ്യപ്രവർത്തനങ്ങൾ സുഗമമായി പുനഃരാരംഭിക്കുവാൻ കഴിയുന്നതുവരെ ക്ലാസ്സുകൾ ഓൺലൈനായി തന്നെ തുടരേണ്ടതുമാണ്.

10. ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഓഫീസുകളുടെ പ്രവർത്തന സമയം 8.30 മുതൽ 3.30 വരെ ആയിരിക്കും. ഓഫീസുകളുടെ പ്രവർത്തനം 07.06.2020 ലെ സ.ഉ. (കൈ) നം.112/2020/പൊ.ഭ.വ. എന്ന ഉത്തരവു പ്രകാരം നടക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ/ സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്.

11. പരീക്ഷാ ജോലിയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും വീഴ്ച്ച കൂടാതെ പ്രസ്തുത ഡ്യൂട്ടിക്ക് ഹാജരാകേണ്ടതാണ്.

12. ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 2019-20 അധ്യയന വർഷത്തിൽ ജോലി ചെയ്തിരുന്ന ഗസ്റ്റ് അദ്ധ്യാപകരെ 2019-20 അധ്യയന വർഷത്തിലെ പൂർത്തികരിക്കാതെ ശേഷിക്കുന്ന അവരവരുടെ ക്ലാസ്സുകൾ പൂർത്തികരിക്കുന്നതിനായി ആവശ്യമെങ്കിൽ നിയോഗിക്കാവുന്നതാണ്.

13. 2020-21 അധ്യയന വർഷത്തെ ക്ലാസ് റൂം അധ്യയനം സാധാരണ രീതിയിൽ പുനരാരംഭിക്കുന്നതു വരെ സ്ഥിരാധ്യാപകർ സംഘടിപ്പിക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ സ്ഥിരാധ്യാപകർ കുറവുള്ള സ്ഥാപനങ്ങളിലും പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന ഓൺലൈൻ ക്ലാസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതിന്റെ ചുമതല അതാത് സ്ഥാപനമേധാവികളിൽ നിക്ഷിപ്തമാണ്. ഓൺലൈൻ ക്ലാസ്സുകൾ ഷെയർ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ആവശ്യമുള്ള ഗസ്റ്റ് അദ്ധ്യാപകരെ അതാത് സ്ഥാപനമേധാവികൾക്ക് നിയമിക്കാവുന്നതാണ്.

14. ഈ നിയന്ത്രണങ്ങൾ റഗുലർ ക്ലാസ്സ് സംവിധാനം സാധാരണ രീതിയിലേക്ക് പുനഃസ്ഥാപിക്കപ്പെടുന്നതു വരെ മാത്രം ആയിരിക്കും. ആവശ്യമെങ്കിൽ ഇതേ സംബന്ധിച്ച് തുടർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരും കൃത്യമായി പാലിക്കേണ്ടതും സ്ഥാപനമേധാവി ആയത് ഉറപ്പുവരുത്തേണ്ടതുമാണെന്ന് കർശനമായി നിർദ്ദേശിക്കുന്നു.

ഒപ്പ്
ഡോ.പി.സുരേഷ് കുമാർ
ഡയറക്ടർ

പകർപ്പ് :-

1. എല്ലാ സ്ഥാപനമേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ
4. ഫിനാൻസ് ഓഫീസർ
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. സി.എ 1 & സി എ 2
7. എല്ലാ സെക്ഷൻ മേധാവികൾക്കും
8. കരുതൽ ഫയൽ
9. ഓഫീസ് പകർപ്പ

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Re1.12.06.2020